# സെന്റ് ആൻസ്. ഗേൾസ് എച്ച്. എസ്സ്. ചെങ്ങനാശ്ശേരി

# ANNE'S LUMEN 2024




## MILESTONES

(Run by FCC Sisters under Changanacherry Corporate Management of Schools)

1913 »എൽ പി സ്കൂളായി പ്രവർത്തനാരംഭം,

1937 » Middle സ്കൂളായി മാറുന്നു.

1960 » എസ് ബി ഹൈസ്കൂളിൻ്റെ ഗേൾസ് സെക്ഷനായി ഹൈസ്ൾ വിദ്യാഭ്യാസം ആരംഭിക്കുന്നു.

1968 » എസ് ബി ഹൈസ്കൂൾ വനിതാ വിഭാഗം വിഭജിച്ച് സെൻ്റ് ആൻസ് ഹൈസ്കൂളാക്കുന്നു.

1970 » പത്താം ക്ലാസ്സ് ആരംഭം.

1971 » ആദ്യത്തെ എസ് എസ് എൽ സി ബാച്ചിൽ 86 കുട്ടികൾ.

2002 » അൺ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂൾ ആരംഭം, 2003 പുതിയ ഓഡിറ്റോറിയവും 12 ക്ലാസ്സ്മുറികളും നിർമാണം.

2012 » ശതാബ്ദി ആഘോഷ ഉദ്ഘാടനം, ആദ്യത്തെ പൂർവ്വ അദ്ധ്യാപക വിദ്യാർത്ഥി സംഗമം.

2013 » ശതാബ്ദി ആഘോഷ സമാപനം, ശതാബ്ദി സ്മാരക പ്രധാന കവാട നിർമാണം.

## പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ – വിവിധ ക്ലബ്ബുകൾ

പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമായി പ്രവർത്തിക്കുവാൻ വിവിധ ക്ലബ്ബുകൾ അധ്യാപകരുടെ നേതൃത്വത്തിൽ സജീവ മായി പ്രവർത്തർത്തിക്കുന്നു.

## വിദ്യാരംഗം കലാസാഹിത്യ വേദി

മലയാള വിഭാഗം അധ്യാപകർ നേതൃത്വം നൽകുന്ന വിദ്യാരംഗം കലാസാഹിത്യവേദി വിദ്യാർത്ഥികളുടെ സാഹിത്യ വാസനകളെ പരിപോഷിപ്പിക്കുകയും അവരിലെ അന്തർലീനമായ കഴിവുകളെ കണ്ടെത്തി വിവിധ മത്സരങ്ങളിൽ പങ്കെടുപ്പിക്കുകയും ചെയ്യുന്നു.

## ഗണിത ശാസ്ത്ര ക്ലബ്ബ്

ഗണിത അധ്യാപകർ നേതൃത്വം നൽകുന്ന ക്ലബ്ബ് ഗണിത ശാസ് താഭിരുചികളുള്ള കുട്ടികളെ കണ്ടെത്തി ഗണിത ശാസ്ത്ര മേളകൾക്ക് പരിശീലനം.

## സയൻസ് ക്ലബ്ബ്

സയൻസ് അധ്യാപകരുടെ നേതൃത്വത്തിൽ ശാസ്ത്രാഭിരുചികളുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം.

## സോഷ്യൽ സയൻസ് ക്ലബ്ബ്

സോഷ്യൽ സയൻസ് ക്ലബ്ബ് കുട്ടികളിൽ സാമൂഹ്യബോധം ഉണർത്തുക എന്ന ലക്ഷ്യത്തോടെ ദിനാചരണങ്ങൾ, പഠനയാത്രകൾ, അഭിമുഖങ്ങൾ.

## ഐടി ക്ലബ്ബും ലിറ്റിൽ കൈറ്റ്സും




കുട്ടികളുടെ ഐടി കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്. ഹൈസ്കൂ ളിൽ ആനിമേഷൻ, മലയാളം, കമ്പ്യൂട്ടിംഗ്, പ്രോഗ്രാമിംഗ്, ഇലക്ട്രോ ണിക്സ് റോബോട്ടിക്സ് എന്നിവയിൽ പരിശീലനം നൽകുന്നു. പത്താം ക്ലാസിലെ വ്യക്തിഗത ഗ്രൂപ്പ് തല അസൈൻമെൻറിൻ്



റെ പൂർത്തീകരണത്തോടെ സർട്ടിഫിക്കറ്റുകൾ നേടുന്ന തരത്തിലാണ് ഈ കോഴ്സ് നടത്തുന്നത്. എ സർട്ടിഫിക്കറ്റ് നേടുന്നവർക്ക് ഗ്രേസ് മാർക്ക് ലഭിക്കുന്നു. എല്ലാ ഒന്നാം ബുധനാഴ്ച്ചയും മൂന്നാം ബുധനാ ഴ്ച്ചയും ഒൻപതാം ക്ലാസിനും രണ്ടാം ബുധനാഴ്ച്ചയും നാലാം ബുധ നാഴ്ച്ചയും എട്ടാം ക്ലാസിനും ലിറ്റിൽ കൈറ്റ്സ് ക്ലാസുകൾ നടക്കുന്നു.

## പ്രവർത്തിപരിചയ ക്ലബ്ബ്

തൊഴിലിന്റെ മഹത്വം വർദ്ധിപ്പിക്കാൻ പ്രവർത്തി പരിചയ ക്ലബ്ബി ലൂടെ പരിശീലനം നൽകുന്നു. പരിസ്ഥിതി ദിനം, കാർഷിക ദിനം എന്നിവ ഈ ക്ലബ്ബിൻ്റെ നേതൃത്വത്തിൽ നടത്തുന്നു.

## ദിശ

കുട്ടികളിൽ പൊതുവിജ്ഞാനം വളർത്തി സിവിൽ സർവീസ്, പി. എസ്. സി. പരീക്ഷകൾക്കായി മികച്ച വിജയം ലക്ഷ്യമാക്കി കോർ പ്പറേറ്റ് മാനേജ്മെന്റിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ദിശ ഒന്നു മുതൽ എട്ടുവരെ ക്ലാസുകളിൽ നടന്നുവരുന്നു.

## സ്പോർട്സ് ക്ലബ്




കുട്ടികളിൽ ടീം സ്പിരിറ്റ് വളർത്താൻ കായിക ക്ലബ്ബും ഇവിടെ സജീവമായി പ്രവർത്തിക്കുന്നു ബാഡ്മിൻ്റൺ, കബഡി, ഖോഖോ, നീന്തൽ, കരാട്ടെ എന്നിവയിൽ പരിശീലനം നൽകുന്നു.

## നല്ല പാഠം





അധ്യാപകരു ടെ നേതൃത്വത്തിൽ നല്ല പാഠം ക്ലബ്ബ് സജീവമായി പ്രവർത്തിക്കുന്നു. ജീവകാരുണ്യ പ്രവർത്തനങ്ങളോടൊപ്പം സമൂഹ്യ പ്രതിബദ്ധതയും കുട്ടികളിൽ പരിശീലിപ്പിക്കുന്നു.

## കെ സി എസ് എൽ



വിശ്വാസം, പഠനം, സേവനം എന്നീ മുദ്രാവാക്യങ്ങളുമായി വി ദ്യാർത്ഥികൾക്കിടയിൽ സജീവമായിരിക്കുന്ന ഈ സംഘടന പഠനത്തോടൊപ്പം വിശ്വാസ പരിശീലനവും സാധ്യമാക്കുന്നു. എല്ലാ വർഷവും രണ്ടു ദിവസത്തെ ധ്യാനം നടത്തുന്നു. എല്ലാ കത്തോലി ക്കാ കുട്ടികളും ധ്യാനത്തിൽ പങ്കെടുക്കുകയും ആത്മീയമായി വളരുക യും ചെയ്യുന്നു. മാസാദ്യ വെള്ളിയാഴ്ച്ചകളിൽ വി. കുർബാനയിൽ പ ങ്കെ ടുക്കാനുള്ള അവസരം ഒരുക്കുന്നു. കെ. സി. എസ് എൽ. അതിരൂപത കലോത്സവത്തിൽ ബൈബിൾ ക്വിസ്, സ്കോളർഷിപ് പരീക്ഷ, മാർഗ്ഗം കളി, കഥാപ്രസംഗം, മോണോ ആക്ട്, കെ സി എസ് എൽ ചരിത്ര ക്വിസ്, സ്റ്റഡി സർക്കിൾ പുത്തൻ പാന, ചവിട്ടുനാടകം, കൈയ്യെഴുത്ത് മാസിക മത്സരം തുടങ്ങിയ മത്സരങ്ങളിൽ പരിശീല നവും പങ്കാളിത്തവും.

## എൻ സി സി





ചങ്ങനാശേരി 5 കേരള ബറ്റാലിയനു കീഴിൽ സജീവമായി പ്രവർത്തിക്കുന്ന ഒരു സബ്‌യൂണിറ്റാണ് സെൻ്റ് ആൻസ് സ്കൂളിൽ ഉള്ളത്. സാമൂഹിക




പ്രതിബദ്ധതയും സേവന സന്നദ്ധതയും ഉള്ള വിദ്യാ ർത്ഥികളെ വാർത്തെടുക്കുന്ന ഈ സംഘടന വൃക്ഷത്തൈ നടീൽ, റോഡ് ശുചീകരണം, അഗതിമന്ദിര സന്ദർശനം തുടങ്ങിയ സാമൂഹ്യ സേവന പ്രവർത്തനങ്ങളും ചെയ്യുന്നു. സർട്ടിഫിക്കറ്റ് നേടുന്നവർക്ക് ഗ്രേസ് മാർക്ക് ലഭിക്കുന്നു. എല്ലാ ബുധനാഴ്ച്ചയും വ്യാഴാഴ്ച്ചയും പരേഡ് നടക്കുന്നു.

## ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ്സ്



കാര്യക്ഷമമായി പ്രവർത്തിക്കുന്ന മൂന്ന് ഗൈഡ് ഗ്രൂപ്പുകൾ സെന്റ് ആൻസിൽ ഉണ്ട്. നേതൃത്വ ഗുണം, സഹായമന സ്ഥിതി, കൃത്യ-നിഷ്ഠ, വീട്ടിലും സമൂഹത്തിനും പെരുമാറേണ്ടത് എങ്ങനെ എന്നിങ്ങനെ യുള്ള മര്യാദ പാഠങ്ങൾ ആർജിച്ചെടുക്കുവാൻ പരിശീലനം നൽകുന്നു. രാഷ്ട്രപതി, രാജ്യപുരസ്കാർ വിജയികൾക്ക് ഗ്രേസ് മാർക്ക് ലഭിക്കുന്നു.



## റെഡ് ക്രോസ്




കുട്ടികളിൽ ത്യാഗമനോഭാവം, സേവന സന്നദ്ധത എന്നിവ വള ർത്തിയെടുക്കുന്ന ജൂനിയർ റെഡ് ക്രോസ് സംഘടന സെന്റ് ആൻ സിൽ പ്രവർത്തിക്കുന്നു. സർട്ടിഫിക്കറ്റ് നേടുന്നവർക്ക് ഗ്രേസ് മാർക്ക് ലഭിക്കുന്നു.

## ഡി സി എൽ

നാം ഒരു കുടുംബം എന്ന ആപ്തവാക്യത്തിൽ ജാതിമതവർഗ്ഗ ഭേദമന്യേ എല്ലാവരെയും സ്നേഹത്തിന്റെ ചരടിൽ കോർത്തിണ ക്കിക്കൊണ്ട് ദീപിക ചിൽഡ്രൺസ് ലീഗ് ഐക്യു ടെസ്റ്റ്, ക്യാമ്പ് എന്നിവയിൽ സജീവം.

വിൻസെന്റ് ഡി പോൾ

സഹജന്റെ വേദനയിൽ പങ്കുചേരാൻ പങ്കുവെക്കലിലൂടെ ജീവി തത്തെ ധന്യമാക്കാൻ സ്കൂൾ വിദ്യാഭ്യാസ കാലയളവിൽ കുട്ടികൾ ക്ക് പ്രചോദനവും പ്രോത്സാഹനവും നൽകുവാൻ ഈ സംഘടനാ പ്രവർത്തനങ്ങൾ ഉപകരിക്കുന്നു. എല്ലാ ബുധനാഴ്ചകളിലും കുട്ടികൾ കൊണ്ടുവരുന്ന പൊതിച്ചോറ് കാരുണ്യഭവനിലെ അന്തേവാസികൾക്ക് നൽകുന്നു. വിൻസൻ്റ് ഡി പോളിൻ്റെ നേതൃത്വത്തിൽ ചികിത്സ സഹായവും അത്യാവശ്യ സന്ദർഭങ്ങളിൽ സാമ്പത്തിക സഹായവും നൽകു ന്നു. ബുധനാഴ്ചകളിലാണ് ഈ പിരിവ് നടത്തുന്നത്.

## കലോത്സവം



കുട്ടികളിലെ അന്തർലീനമായ കഴിവുകളെ കണ്ടെത്തി പരിപോഷി പ്പിക്കുന്നതിനായി സ്കൂൾതല മത്സരങ്ങൾ നടത്തി വിജയികളായ വരെ സബ്ജില്ലാ, ജില്ലാ, സംസ്ഥാനകലോത്സ- വത്തിൽ പരിശീലിപ്പിക്കുന്നു.



## ശാസ്ത്രോത്സവം

സബ്ജില്ലാ ശാസ്ത്രമേളയിൽ സയൻസ് പ്രോജക്ട്, സിൽ മോഡൽ, സി വി രാമൻ Essay കോമ്പറ്റിഷൻ, സയൻസ് മാഗസിൻ തുടങ്ങിയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം.

## ഗണിതോത്സവം

സബ്ജില്ലാ ഗണിതമേളയിൽ Pure Construction, Other Chart Puzzle, Game, ഭാസ്കരാചാര്യ സെമിനാർ, രാമാനുജൻ പേപ്പർ പ്രസ സ്റ്റേഷൻ, വർക്കിംഗ് മോഡൽ, ക്വിസ് തുടങ്ങിയ ഇനങ്ങളിൽ കുട്ടി കൾക്ക് പരിശീലനം

## സോഷ്യൽ സയൻസ് മേള

സബ്ജില്ലാ സോഷ്യൽ സയൻസ് മേളയിൽ സ്റ്റിൽ മോഡൽ വ
ക്കിംഗ് മോഡൽ, ക്വിസ്, ലോക്കൽ ഹിസ്റ്ററി, ന്യൂസ് റീഡിങ് പ്രസംഗം,
അറ്റ്ലസ് മേക്കിങ് എന്നിവയിൽ കുട്ടികളും, Teaching aid ഇനങ്ങളിൽ
അധ്യാപകരും പങ്കെടുക്കുന്നു.

## പ്രവർത്തിപരിചയമേള

സബ്ജില്ലാ പ്രവർത്തിപരിചയമേളയിൽ നാല്പതോളം ഇനങ്ങളിൽ
കുട്ടികൾക്ക് പരിശീലനം

## വിദ്യാരംഗം സാഹിത്യോത്സവം




സബ്ജില്ലാ സാഹിത്യോത്സവത്തിൽ സാഹിത്യ
സെമിനാർ ചിത്രരചന, കവിതാരചന, പുസ്തകാസ്വാ-
ദനം എന്നീ മത്സരങ്ങളിൽ പങ്കെടുക്കുവാനുള്ള അവസരം

## സാഹിത്യശിബിരം

കോർപ്പറേറ്റ് മാനേജ്മെൻ്റിൻ്റെ നേതൃത്വത്തിൽ നടത്തുന്ന സാഹി
ത്യശിബിരം മത്സരങ്ങളിൽ പരിശീലനവും പങ്കാളിത്തവും

## മെറിറ്റ് ഡേ




എസ് എസ് എൽ സി പരീക്ഷയിൽ ഉന്നത വിജയം
കര ക്കിയ വിദ്യാർത്ഥികളെ അനുമോദിക്കാനും അവാർ-
ഡുകൾ നൽകി ആദരിക്കുവാനുമായി മെറിറ്റ് ഡേ.

## ഉച്ചഭക്ഷണം



സർക്കാർ ഗ്രാൻഡ് ഉപയോഗിച്ച്
സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന
എല്ലാ കുട്ടികൾക്കും ഉച്ചഭക്ഷണം
നൽകുന്നു.വിശേഷ ദിവസങ്ങളിൽ

വിഭവസമൃദ്ധമായ സദ്യ നൽകുന്നു. സർക്കാർ നിർദ്ദേശം അനുസരിച്ച് യഥാസമയം സ്പെഷ്യൽ അരി പാൽ. മുട്ട എന്നിവയും നൽകുന്നു.

## മികച്ച സൗകര്യങ്ങൾ

മികച്ച സൗകര്യങ്ങൾ സെൻറ ആൻസിൻറെ മാറ്റുകൂട്ടുന്നു. എച്ച് എസ് വിഭാഗത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ 30 കമ്പ്യൂട്ടറുക ളുള്ള ഒരു ലാബും, യുപി വിഭാഗത്തിൽ മറ്റൊരു ലാബും പ്രവർത്തി ക്കുന്നു. ക്ലാസ് മുറികൾ ഹൈടെക് ആക്കിയതിന് ഭാഗമായി എച്ച് എസ്, യു പി വിഭാഗത്തിലെ എല്ലാ ക്ലാസുകളിലും ലാപ്ടോപ്പും പ്രൊജക്ട റും ഉപയോഗിച്ച് എല്ലാ വിഷയങ്ങളും പഠിപ്പിക്കുവാൻ സാധിക്കുന്നു.

## ലൈബ്രറി

മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ ആറായിരം പുസ്തകങ്ങൾ അടങ്ങിയ ലൈബ്രറി.

## സ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

സ്കൂൾ കോ- ഓപ്പറേറ്റീവ് സൊസൈറ്റി വഴി പാഠപുസ്തകങ്ങളും കുട്ടികൾക്കാവശ്യമായ സ്റ്റേഷനറി സാധനങ്ങളും നൽകുന്നു

## കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ലാബ്

50 കുട്ടികൾക്ക് ഒരേസമയം LED പ്രൊജക്ടറിൻറെ സഹായത്താൽ ഇയർഫോൺ ഉപയോഗിച്ച് സ്പോക്കൺ ഇംഗ്ലീഷ് പഠനം.




## സ്കൂൾ ബസ്സ്

കുട്ടികൾക്ക് മെച്ചപ്പെട്ട യാത്രാസൗകര്യം ഉറപ്പാക്കുന്നതിനായി നാല് ബസ്സുകൾ

## ബാൻഡ് ട്രൂപ്പ്



നമ്മുടെ പ്രോഗ്രാമുകളിൽ നിറസാന്നിധ്യവും ആഘോഷങ്ങ ൾക്ക് മാറ്റുകൂട്ടുവാനും വിദ്യാലയത്തിന് അഭിമാനം നൽകുന്ന ഒരു ബാൻഡ് ഗ്രൂപ്പ്

## കരാട്ടെ, നീന്തൽ

കുട്ടികൾക്ക് ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിന് സഹായകമായി കരാട്ടെ, നീന്തൽ എന്നിവയിൽ പരിശീലനം. എല്ലാ വ്യാഴാഴ്ച്ചയും ഉച്ചകഴിഞ്ഞ് 3:15 മുതൽ 4:30 വരെ കരാട്ടെ ക്ലാസുകൾ നടക്കുന്നു

## ഹോസ്റ്റൽ

സ്കൂളിലെ വിദ്യാർത്ഥിനികൾക്കായി സ്കൂൾ കോമ്പൗണ്ടിൽ തന്നെ രണ്ടു ഹോസ്റ്റലുകൾ

## പഠനയാത്രകൾ

വർഷം തോറും എല്ലാ ക്ലാസുകളിലും അധ്യാപകരുടെ നേതൃത്വ ത്തിൽ പഠന യാത്ര

## കോർണർ പി ടി എ

വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കും സ്കൂളിൻ്റെ പ്രവർത്ത നങ്ങളെ കുറിച്ച അടുത്തറിയാൻ വിവിധ സ്ഥലങ്ങളിൽ നിന്ന് വരു ന്ന കുട്ടികളെ പൊടിപ്പാറ, മാടപ്പള്ളി, ചീരഞ്ചിറ, കൊടിനാട്ടുകുന്ന്, കിടങ്ങറ എന്നീ മേഖലകളായി തിരിച്ച് പിടിഎ സമ്മേളനങ്ങൾ

## ലഹരി വിരുദ്ധ ക്യാമ്പയിൻ

സ്കൂളും പരിസരവും ലഹരി മുക്തമാക്കുക എന്ന സർക്കാർ നിർദ്ദേശപ്രകാരം പോലീസ് ഡിപ്പാർട്ട്മെൻ്റിൻ്റെ സഹകരണത്തോടെ വിദ്യാർത്ഥികളും അധ്യാപകരും ചേർന്ന് ലഹരി വിരുദ്ധ റാലി മനു ഷ്യചങ്ങല, പോസ്റ്ററുകൾ, തെരുവുനാടകം. ശതിജ്ഞ എന്നിവയി ലൂടെ ബോധവൽക്കരണം

## ജെം, പേൾ & ക്രൗൺ ഓഫ് സെൻ്റ് ആൻസ്

പഠന മികവ്, വിനയാന്വിതമായ പെരുമാറ്റം, മനതൃപാടവം വിവിധ സംഘടനകളിലെ സജീവമായ പ്രവർത്തനം, പാഠ്യേതര രംഗംങ്ങളിൽ സ്കൂളിനെ പ്രതിനിധാനം ചെയ്ത് നേടിയ വിജയങ്ങൾ എന്നീ മാന ദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സെൻ്റ് ആൻസ് കിരീടം നൽകി എൽ പി, യു പി, ഹൈസ്കൂൾ വിദ്യാർത്ഥികളെ ആദരിക്കുന്നു

## എക്സലൻസ് അവാർഡ്

പഠനവിഷയങ്ങളിലും മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിലും ഒരു പോലെ മികവ് പുലർത്തുന്ന പത്താം ക്ലാസ് വിദ്യാർത്ഥിനിക്ക് നൽകുന്നു.




ST.ANNE'S G.H.S.S

